2010
മാർച്ച്
10
ബുധൻ

A newspaper for Keralites living away from home

# കലാകൗമുദി

● 1185 കുംഭം 26 വില രൂപ. 3.50 പേജ് 10 മുംബയ്




## വനിതാബിൽ രാജ്യസഭ പാസാക്കി (186-1)

# യാഥാർത്ഥ്യമാകാൻ ഇനിയും കടമ്പകൾ

**ലോക്സഭയിൽ കഥ മാറുമോ?**

- വനിതാ സംവരണ ബില്ലിന് യഥാർത്ഥ വെല്ലുവിളി ഉയരാൻ പോകുന്നത് ലോക്സഭയിലാണ്.
- ലോക്സഭയിൽ ബിൽ എന്ന് അവതരിപ്പിക്കുമെന്ന് ഇപ്പോഴും വ്യക്തമല്ല.
- സമാജ്‌വാദി പാർട്ടിയും ആർ.ജെ.ഡിയും പിന്തുണ പിൻവലിച്ചുകൊണ്ട് രാഷ്ട്രപതിക്ക് കത്ത് നൽകിയാൽ ഞാണിന്മേൽ കളിയാകും യു.പി. എ സർക്കാരിന്റെ നിലനില്പ്.
- വനിതാ ബില്ലിനെ പിന്തുണയ്ക്കാൻ രാജ്യസഭയിൽ ബി.ജെ.പി, സി.പി. എം തുടങ്ങിയ പ്രമുഖ പ്രതിപക്ഷ പാർട്ടികൾ ഭരണമുന്നണിയോടൊപ്പം നിന്നു. പക്ഷേ, യു.പി. എ സർക്കാരിന്റെ നിലനില്പ് അപകടത്തിലാണെന്നു കണ്ടാൽ ഈ കക്ഷികൾ ഒപ്പം നില്ക്കുമോ?
- ബഡ്ജറ്റ് പാസ്സാക്കാൻ ജൂലിൽ കിടക്കുന്ന മധുകോഡ മുതൽ എൻ.ഡി.എ വിമതന്മാരായ ജസ്വന്ത് സിംഗ്, ദിഗ്‌വിജയ് സിംഗ് എന്നിവരെയും മായാവതിയെയും വരെ ആശ്രയിക്കേണ്ട സ്ഥിതിയിലേക്കാണ് മൻമോഹൻ മന്ത്രിസഭ നീങ്ങുന്നത്. രാജ്യസഭയിൽ വനിതാബിൽ അവതരിപ്പിക്കണമെന്നതിൽ കോൺഗ്രസ് അദ്ധ്യക്ഷ സോണിയാ ഗാന്ധി ഉറച്ചുനിന്നു. ലോക്സഭയുടെ കാര്യത്തിലും സോണിയ ഇതേ നിലപാട് സ്വീകരിക്കുമോയെന്ന് കണ്ടറിയണമെന്നാണ് വിലയിരുത്തൽ.

ന്യൂഡൽഹി : വനിതാ സംവരണ ബിൽ രാജ്യസഭ ഇന്നലെ പാസ്സാക്കിയെങ്കിലും ഇത് നിയമമായി മാറാൻ ഇനിയുമുണ്ട് കടമ്പകൾ.

ലോക്സഭയിലാണ് ആദ്യ കടമ്പ. മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ ലോക്സഭയും ഈ ബിൽ പാസ്സാക്കണം. രാജ്യസഭയിലെ പോലെയല്ല ലോക്സഭയിൽ. ബിൽ നിയമമായാൽ നേരിട്ട് ബാധിക്കാൻ പോകുന്നത് ലോക്സഭാംഗങ്ങളെയാണ്. അതുകൊണ്ടുതന്നെ എതിർപ്പ് കൂടുതൽ ശക്തവും പ്രകടവുമായിരിക്കും.

ലോക്സഭ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ പാസ്സാക്കിയാൽ നിയമസഭകളാണ് അടുത്ത കടമ്പ. 14 നിയമസഭകൾ ബില്ലിനെ അനുകൂലിച്ച് പ്രമേയം പാസ്സാക്കണം. ലോക്സഭയിലെ പോലെയാണ് നിയമസഭകളിലും. പല അംഗങ്ങളെയും നേരിട്ട് ബാധിക്കും.

14 നിയമസഭകൾ കൂടി അനുകൂലിച്ചാൽ ബിൽ നിയമമാകും. 33 ശതമാനം വനിതാ സംവരണത്തിന് വഴിയൊരുങ്ങുകയും ചെയ്യും.

പക്ഷേ, പ്രശ്നം തീരില്ല. വനിതാ മണ്ഡലങ്ങൾ നിർണയിക്കുകയാണ് അടുത്ത കടമ്പ. നറുക്കിട്ടായിരിക്കും മണ്ഡലങ്ങൾ നിശ്ചയിക്കുകയെന്ന് അഭ്യൂഹമുണ്ട്. എന്നാൽ, അതിന് സാദ്ധ്യത കുറവാണെന്നാണ് സൂചന.

മണ്ഡല പുനഃക്രമീകരണ കമ്മിഷന്റെ മാതൃകയിൽ വനിതാ മണ്ഡലങ്ങൾ നിശ്ചയിക്കാൻ ഒരു കമ്മിഷൻ രൂപീകരിക്കാമെന്ന നിർദ്ദേശമാണ് നിയമമന്ത്രി വീരപ്പമൊയ്‌ലി മുന്നോട്ടു വച്ചിട്ടുള്ളത്. നറുക്കിട്ടെടുക്കുകയെന്ന നിർദ്ദേശത്തോടെ പാർട്ടികൾ പൊതുവേ വിയോജിച്ചപ്പോഴായിരുന്നു മൊയ്‌ലിയുടെ നിർദ്ദേശം. കമ്മിഷൻ രൂപീകരിക്കാൻ വേറെ ബിൽ വേണ്ടിവരും. അതും പാസ്സാക്കണം.

**ഒരു നേരത്തെ വിശപ്പടക്കാൻ... ദൈവത്തിന്റെ ബിംബവും തലയിലേറ്റി തെരുവിൽ ഭിക്ഷ യാചിക്കുന്ന സ്ത്രീ. മുംബയ് നഗരത്തിലെ ആയിരങ്ങളിൽ ഒരുവൾ**

## 100% ദാരിദ്ര്യം സംവരണം ചെയ്യപ്പെട്ട വനിതകളുടെ നഗരം

■ മുരളീദാസ് പെരളശ്ശേരി

മുംബയ്: വനിതകൾക്ക് മുപ്പത്തിമൂന്നല്ല അറുപത്തിമൂന്നു ശതമാനം ലഭിച്ചാലും തങ്ങൾക്ക് സംവരണം ചെയ്തിരിക്കുന്നത് ദാരിദ്ര്യം മാത്രമാണെന്നു വിശ്വസിക്കുന്ന സ്ത്രീസമൂഹത്തിലെ ഒരു വിഭാഗം മുംബയിലെ ക്ഷേത്രങ്ങളുടെ ഓരംപറ്റി ജീവിക്കുന്നു. ചിലപ്പോൾ അവരെ തിരക്കേറിയ തെരുവിൽ തിരിക്കൊന്നുമില്ലാതെ കാണാം. വേഗത കൂടിയ ലോകത്ത് വിശപ്പിന്റെ വേദനയെന്നുമറിയുന്നവർ.

ഭരണനിയമങ്ങളെക്കുറിച്ചൊന്നും അറിയില്ല. രാജ്യം ഭരിക്കുന്നതാരാണെന്നോ രാജ്യത്തെ നശിപ്പിക്കുന്നതാരാണെന്നോ ഇവർക്കറിയില്ല. നിയമങ്ങൾ ഭേദഗതി ചെയ്യുമ്പോൾ തങ്ങളുടെ ഗതികേടുകൾ മാറിയ ചരിത്രവും ഇവർക്കില്ല. യാചന ഇവർക്കൊരു 'പ്രഫഷനാ'ണ്. ഒരു പാരമ്പര്യവും...!

ഒരു താലത്തിൽ ഇഷ്ടമൂർത്തിയെ ഇരുത്തി ദൈവനാമത്തിലാണ് ഇവർ കൈനീട്ടുന്നത്.

ഒന്നു തിരിഞ്ഞുനോക്കാൻപോലും സമയമില്ലാത്തവർക്ക് ഇവരുടെ 'ഡോളക്കി'ന്റെ ശബ്ദം അരോചകമാണ്. എങ്കിലും പ്രതീക്ഷകളോടെയാണ് ഇവർ കൈനീട്ടുന്നത്. അറപ്പോടെ നോക്കുമ്പോഴും നിസംഗതയോടെ അവർ ചിരിക്കാൻ ശ്രമിക്കും. അമ്മയുടെ നിറംമങ്ങിയ തുണിയുടെ തുമ്പുപിടിച്ച് നടക്കുന്ന കുട്ടികൾ സമാനപ്രായക്കാരുടെ പുത്തനുടുപ്പുകളെ കൗതുകത്തോടെയാണ് നോക്കിക്കാണുന്നത്. ഇവർക്ക് സ്കൂളുകൾ എന്താണെന്നറിയില്ല. ആരെങ്കിലും പഠിച്ച് എന്നെങ്കിലും ഒരു പകിട്ടാർന്ന ജീവിതങ്ങളോട് ചേർന്നു നടക്കാനുള്ള ത്രാണി സ്വന്തമാക്കുമോ എന്നവർ സ്വപ്നത്തിൽപ്പോലും കാണാൻ ശ്രമിക്കാറില്ല.

തലയിലേന്തി നടക്കുന്ന ദൈവങ്ങൾ ഇവരെ ഒരിക്കലും അനുഗ്രഹിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഈശ്വരാനുഗ്രഹം നേടിയ ലോകത്തിനു മുമ്പിൽ അവർ യാചിച്ചുകൊണ്ടിരിക്കുന്നു. അവർ താളമിടുന്ന ഡോളക്കിൽനിന്ന് അവർ കേൾക്കുന്നത് 'ഏക് റുപ്യാ ദേദോ' എന്ന ശബ്ദം മാത്രം!

മുപ്പത്തിമൂന്നു ശതമാനം സംവരണം വാങ്ങി മുന്നോട്ടു കുതിക്കാൻ ആർത്തികൂട്ടുന്നവരുടെ ആഢംബരലോകത്ത് എത്തിനോക്കാൻപോലും കെൽപ്പില്ലാതെ തുണികൊണ്ട് മറച്ച കൂരകളിൽ രാത്രിയിൽ അഭയം തേടുന്നവർ.

പൗരത്വം തെളിയിക്കാൻപോലും ഒന്നുമില്ലാതെ പോയ ഇവർക്ക് ഇന്ത്യൻ പൗരത്വം നൽകുന്നത് തലയിലേന്തി നടക്കുന്ന ഇന്ത്യൻ ദൈവങ്ങൾ തരുന്ന 'ഐഡന്റിറ്റി'യാണ്. നാലു ചുവരുകൾക്കുള്ളിലോ പാറയിലോ പ്രതിഷ്ഠിച്ച ദൈവങ്ങൾക്കെല്ലാം വാരിക്കോരി കൊടുക്കുമ്പോഴും നെഞ്ചിലും തലയിലും ദൈവങ്ങളെ കുടിയിരുത്തി നാടൊട്ടുക്കും നടക്കുന്ന ഈ നാടോടികൾ നമുക്കന്യരാണ്.

## പിന്തുണയ്ക്കുമ്പോഴും ആശങ്ക, അരിശം

ന്യൂഡൽഹി : ഇഷ്ടമില്ലാഞ്ഞിട്ടും ഒരു ബില്ലിനെ പിന്തുണയ്ക്കേണ്ടിവരുക. അതും, സ്വന്തം സീറ്റുപോലും നഷ്ടപ്പെട്ടേക്കാമെന്ന ആശങ്കയോടെ. നിവൃത്തികേടന്നല്ലാതെ എന്തു പറയാൻ.

വനിതാബിൽ അങ്ങനെയും ചരിത്രം സൃഷ്ടിച്ചു. കടുത്ത എതിർപ്പുള്ളവർപോലും പിന്തുണയ്ക്കുന്നു! ഒരു പാർട്ടിയിൽ മാത്രമല്ല ഇങ്ങനെ. ബില്ലിനെ പിന്തുണച്ച എല്ലാ പാർട്ടിയിലുമുണ്ട് അരിശംപൂണ്ട് നടക്കുന്നവർ. പാർട്ടി നേതൃത്വങ്ങൾക്കും ഇത് അറിയാം. വെറുതെ വിപ്പ് നല്കുമോ. വിപ്പ് നല്കിയില്ലെങ്കിൽ കാണാമായിരുന്നുവെന്നാണ് മുറുമുറുപ്പ്. ലോക്സഭയിലും വിപ്പ് വേണ്ടിവരും. വിപ്പ് നല്കിയില്ലെങ്കിൽ ബിൽ ഏഴ്നിലയിൽ പൊട്ടും.

വനിതകൾ പാർലമെന്റിൽ എത്തുന്നതുപോലും പലർക്കും ഇഷ്ടമല്ല. അപ്പോഴാണ് 33 ശതമാനം സംവരണം! എങ്ങനെ സഹിക്കും? സ്വന്തം മണ്ഡലംപോലും നഷ്ടപ്പെട്ടേക്കുമെന്ന പേടി ഇതിനുംപുറമേ. പലരും മോഹിച്ചുപോയി, ബില്ലിനെ തുറന്ന് എതിർക്കുന്നവരുടെ ശ്രമം വിജയിക്കണേയെന്ന്.

പാർട്ടി നേതൃത്വത്തോടാണ് പലർക്കും അരിശം. എന്തിന് ഇങ്ങനെ ഒരു വയ്യാവേലി എടുത്ത് തലയിൽവച്ചു? പാസാകാൻ ബുദ്ധിമുട്ടാണെന്നു പറഞ്ഞ് പണ്ടേ ഉപേക്ഷിക്കാമായിരുന്നു. ചെയ്തില്ല. ഒടുവിൽ, ഉപേക്ഷിക്കാനേ വയ്യാതായി. സ്ത്രീവിരുദ്ധം എന്ന പേരുദോഷം എങ്ങനെ വരുത്തിവയ്ക്കുമെന്നായി പാർട്ടി നേതൃത്വങ്ങളുടെ പേടി. ഭാര്യയോ മകളോ പൊതുരംഗത്തുള്ളവർക്ക് പിന്നെയും ഒരു സമാധാനമുണ്ട്. സ്വന്തം മണ്ഡലം വനിതാ മണ്ഡലമായി മാറിയാൽ ഭാര്യയെയോ മകളെയോ മത്സരിപ്പിക്കാം. മറ്റുള്ളവർ എന്തു ചെയ്യും? ഭാര്യയെ പണ്ടേ രാഷ്ട്രീയത്തിൽ ഇറക്കേണ്ടതായിരുന്നു. അപ്പോൾ അത് തോന്നിയില്ല. ഇനി പറഞ്ഞിട്ടെന്തു കാര്യം.

ഏതൊക്കെ മണ്ഡലങ്ങളാണ് വനിതകൾക്കായി നീക്കിവയ്ക്കുക. അത് അറിഞ്ഞാൽ അത്രയും ആശ്വാസമാകുമായിരുന്നു. അതിനും നിവൃത്തിയില്ല. ഉദ്വേഗത്തിന്റെ നാളുകൾ അവസാനിക്കുകയല്ല, ആരംഭിക്കുകയാണ്.

ബിൽ പാസായതിൽ ആശങ്കയില്ലാത്തത് രണ്ടു വിഭാഗക്കാർക്കാണ്. ഒന്ന് : ഉന്നത നേതാക്കൾക്ക്. രണ്ട് : വീണ്ടും സീറ്റ് കിട്ടാൻ സാദ്ധ്യതയില്ലാത്തവർക്ക്. ഉന്നത നേതാക്കൾ ലോക്സഭയിൽ എത്തിയില്ലെങ്കിൽ രാജ്യസഭയിലെങ്കിലും എത്തും. അതാണ് അവരുടെ ആശ്വാസം.

## സോണിയ ഉറച്ചുനിന്നു, സർക്കാർ ഉണർന്നു

ന്യൂഡൽഹി: വനിതാ സംവരണ ബിൽ പാസ്സായില്ലെങ്കിലും ഒന്നുമില്ലെന്ന മട്ട് തിങ്കളാഴ്ച സ്വീകരിച്ച കേന്ദ്ര സർക്കാർ കോൺഗ്രസ് അദ്ധ്യക്ഷ സോണിയാ ഗാന്ധിയുടെ കർക്കശ നിലപാടിനെ തുടർന്നാണ് സടകുടഞ്ഞ് എഴുന്നേറ്റത്.

ഏഴ് എം.പിമാർ സഭ സ്തംഭിപ്പിക്കുന്നതിന് ഒത്താശ നല്കിയ കേന്ദ്ര സർക്കാർ സോണിയ കടുത്ത നിലപാടെടുത്തതോടെ ബിൽ പാസ്സാക്കാൻ രണ്ടും കല്പിച്ച് രംഗത്തിറങ്ങുകയായിരുന്നു. ബിൽ എന്തുവന്നാലും പാസ്സാക്കണമെന്ന് ഇന്നലെ രാവിലെ നടന്ന കോർ കമ്മിറ്റി യോഗത്തിൽ കോൺഗ്രസ് അദ്ധ്യക്ഷ നിർദ്ദേശം നല്കിയിരുന്നു.

കോർ കമ്മിറ്റി യോഗത്തിനു ശേഷം രാജ്യസഭയുടെ ചുമതലയുള്ള സഹമന്ത്രി പ്യൂഥിരാജ് ചൗഹാൻ, അരുൺ ജയ്റ്റ്‌ലി, സി.പി.എം നേതാവ് സീതാറാം യെച്ചൂരി എന്നിവരെ ടെലിഫോണിൽ ബന്ധപ്പെട്ട് എന്തു വന്നാലും ബിൽ പാസ്സാക്കാനുള്ള സർക്കാർ തീരുമാനം അറിയിക്കുകയായിരുന്നു. സഭ സുഗമമായി നടത്തുന്നതിന് വേണ്ടിവന്നാൽ ബലം പ്രയോഗിച്ച് കുഴപ്പക്കാരെ സഭയിൽ നിന്ന് നീക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി ഈ നേതാക്കളെ അറിയിച്ചു.

എന്നാൽ, ബലം പ്രയോഗിച്ച് ബഹളക്കാരെ മാറ്റുന്നതിനു മുമ്പ് അവർക്ക് എല്ലാ അവസരവും നല്കണമെന്ന് ബി.ജെ.പി വാദിച്ചു.

തുടർന്നാണ് ലാലു പ്രസാദ് യാദവ്, മുലായം സിംഗ് എന്നിവരെ ചർച്ചയ്ക്കു വിളിച്ചത്.

സർക്കാരിന്റെ വക്താവായി മന്ത്രി അംബികാ സോണിയെയും കോൺഗ്രസ് രംഗത്തിറക്കി. ഈ കൂടിയാലോചനകളിലൊന്നുംതന്നെ തൃണമൂൽ കോൺഗ്രസിനെ പങ്കെടുപ്പിച്ചിരുന്നില്ല. ഇത് മമതാ ബാനർജിയെ ചൊടിപ്പിച്ചു. കോൺഗ്രസ് ശക്തിയുപയോഗിച്ച് ബിൽ പാസാക്കുകയാണെന്ന് ആരോപണമുന്നയിച്ചും വോട്ടെടുപ്പ് ബഹിഷ്കരിച്ചുമാണ് അവർ ഇതിനോട് പ്രതികരിച്ചത്.

പ്രാതിനിധ്യം കുറയ്ക്കുമെന്ന് ആരോപിച്ച് ബില്ലിനെ എതിർത്ത രാഷ്ട്രീയ ജനതാദളും സമാജ്‌വാദി പാർട്ടിയും യു.പി.എ സർക്കാരിനുള്ള പിൻതുണ പിൻവലിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. പിൻതുണ പിൻവലിച്ചുകൊണ്ടുള്ള കത്ത് ഇന്ന് രാഷ്ട്രപതിക്ക് നല്കുമെന്ന് ആർ.ജെ.ഡി നേതാവ് ലാലു പ്രസാദ് യാദവ് പറഞ്ഞു. ലോക്സഭയിലും നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സീറ്റ് നീക്കിവയ്ക്കുന്ന വനിതാ സംവരണ ബിൽ ലോക വനിതാദിനത്തിന്നന്നെ രാജ്യസഭയിൽ പാസ്സാക്കി ചരിത്രം സൃഷ്ടിക്കാനായിരുന്നു കേന്ദ്ര സർക്കാരിന്റെ ശ്രമമെങ്കിലും, തിങ്കളാഴ്ച ബിൽ അവതരിപ്പിച്ചയുടൻ സഭ ഇന്നോളം കണ്ടിട്ടില്ലാത്തത്ര രൂക്ഷമായ പ്രതിഷേധത്തിനും ബഹളങ്ങൾക്കുമാണ് വഴിതുറന്നത്.

തുടർന്ന് അഭിപ്രായസമന്വയത്തിനായി ബിൽ പാസ്സാക്കുന്നത് ഇന്നലത്തേക്ക് മാറ്റുകയായിരുന്നു.

തിങ്കളാഴ്ച സഭയിൽ ബില്ലിന്റെ കോപ്പികൾ വലിച്ചുകീറി എറിയുകയും, സഭാധ്യക്ഷനും ഉപരാഷ്ട്രപതിയുമായ ഹമീദ് അൻസാരിയുടെ മേശപ്പുറത്തുനിന്ന് രേഖകൾ കടന്നെടുക്കാൻ ശ്രമിക്കുകയും ചെയ്ത് സഭാനടപടികൾ തടസ്സപ്പെടുത്തിയ ആർ.ജെ.ഡി, സമാജ്‌വാദി അംഗങ്ങൾ ഇന്നലെ രാവിലെ സഭ സമ്മേളിച്ചതു മുതൽ ബഹളമയമായ രംഗങ്ങൾക്ക് വീണ്ടും കളമൊരുക്കി.

തുടർന്ന് സഭ രണ്ടുതവണ നിറുത്തിവയ്ക്കേണ്ടിയും വന്നു. ഉച്ചയ്ക്കു ശേഷം സഭ വീണ്ടും സമ്മേളിച്ചപ്പോൾ സഭാധ്യക്ഷൻ ചർച്ചയ്ക്കായി പ്രതിപക്ഷനേതാവ് അരുൺ ജയ്റ്റ്‌ലിയെ ക്ഷണിച്ചെങ്കിലും പ്രതിഷേധക്കാർ ബഹളമുണ്ടാക്കി പ്രസംഗം തടസ്സപ്പെടുത്താൻ ശ്രമിച്ചു. തുടർന്നാണ് ബിൽ ശബ്ദവോട്ടോടെ പാസ്സാക്കാൻ തീരുമാനിച്ചത്.

## മുംബയ് ഭീകരാക്രമണത്തിനു പിന്നിൽ പാക് ഭരണകൂടം: പ്രോസിക്യൂഷൻ



മുംബയ് : മുംബയിലെ ഭീകരാക്രമണത്തിനു പിന്നിൽ പാക് ഭരണകൂടമാണെന്ന് കേസിൽ അന്തിമ വാദത്തിനിടെ പ്രോസിക്യൂഷൻ ആരോപിച്ചു.

"ഭീകരാക്രമണത്തിനുള്ള ഗൂഢാലോചന നടന്നത് പാക് മണ്ണിലാണ്. ഭരണകൂടമാണ് ആക്രമണം സ്പോൺസർ ചെയ്തതെന്ന നിഗമനത്തിൽ സ്വാഭാവികമായും എത്താൻ കഴിയും" – സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ ഉജ്വൽ നിഗം പറഞ്ഞു.

പിടിയിലായ ഭീകരൻ അജ്മൽ കസബിനും മറ്റ് ഒമ്പതു പേർക്കും പാക് സേനയിലെ ചില ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് സായുധ, രഹസ്യാന്വേഷണ പരിശീലനം നൽകിയത്. പരിശീലന വേളയിൽ ഒരു മേജർ ജനറലിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നുവെന്ന് കസബ് മൊഴി നൽകിയിട്ടുണ്ട്. മേജർ ജനറലിന്റെ പേര് ഭീകരരോട് സൂത്രധാരന്മാർ വെളിപ്പെടുത്തിയിരുന്നില്ല. സേനയിൽ അദ്ദേഹം ഉന്നതസ്ഥാനം വഹിച്ചിരുന്നതിനാലാണ് പേര് വെളിപ്പെടുത്താതിരുന്നത്.

ഭീകരാക്രമണ ഗൂഢാലോചനയിൽ ലഷ്കറെ തയ്ബയും പാക്സേനയും കൈകോർത്താണ് നീങ്ങിയത്. ആക്രമണത്തിൽ പാകിസ്ഥാന്റെ പങ്ക് മറച്ചുവയ്ക്കാനും ബോധപൂർവം ശ്രമം നടന്നിരുന്നു. യഥാർത്ഥ പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്തരുതെന്ന് ആക്രമണത്തിന് നിയോഗിക്കപ്പെട്ട ഭീകരരോട് നിർദ്ദേശിച്ചിരുന്നതായും പ്രോസിക്യൂഷൻ ചൂണ്ടിക്കാട്ടി.

**ബലം പ്രയോഗിച്ച് നീക്കി, ഒരു എം.പിക്ക് പരിക്ക്**

# ഏഴ് എം.പിമാർക്ക് സസ്പെൻഷൻ

ന്യൂഡൽഹി: രാജ്യസഭയിൽ തിങ്കളാഴ്ച വനിതാ സംവരണ ബിൽ പാസാക്കാനുള്ള ശ്രമങ്ങൾക്കിടെ സഭാമര്യാദകൾ വിട്ട് പെരുമാറുകയും നടപടികൾ തടസ്സപ്പെടുത്തുകയും ചെയ്ത ഏഴ് അംഗങ്ങൾക്ക് സസ്പെൻഷൻ. സഭ വിട്ടുപോകാതെ വീണ്ടും ബഹളമുണ്ടാക്കാൻ ശ്രമിച്ച ഇവരെ പിന്നീട് ബലംപ്രയോഗിച്ച് നീക്കി.

സമാജ്‌വാദി എം.പിമാരായ വീർപാൽസിംഗ് യാദവ്, നന്ദ കിഷോർ യാദവ്, അമീർ അലം ഖാൻ, കമാൽ അഖ്തർ, രാഷ്ട്രീയ ജനതാദളിലെ സുഭാഷ് യാദവ്, ലോക്ശക്തി അംഗം സാബിർ അലി, ജനതാദൾ (യു)വിൽ നിന്ന് പുറത്താക്കപ്പെട്ട ഇജാസ് അലി എന്നിവരാണ് സഭയിലെ 'ചട്ടമ്പിത്ത

വനിതാബില്ലിനെ എതിർത്ത് തൃണമൂൽ നേതാവ് മമതാ ബാനർജി മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കുന്നു

ർ'ത്തിന്റെ പേരിൽ സസ്പെൻഷനിലായത്. പുറത്താക്കൽ പ്രഖ്യാപിച്ചതിനു ശേഷവും സഭയ്ക്കകത്ത് ചുറ്റിത്തിരിഞ്ഞുനടക്കുകയും നടുത്തളത്തിൽ ധർണ നടത്താനൊരുങ്ങുകയും ചെയ്തപ്പോൾ മാർഷലുകൾ ഇവരെ വലിച്ചിഴച്ച് പുറത്താക്കുകയായിരുന്നു. ബലപ്രയോഗത്തിനിടെ എസ്.പി അംഗം കമാൽ അഖ്തറിന്റെ കൈക്ക് പരിക്കേറ്റു. തിങ്കളാഴ്ച, നിയമ മന്ത്രി വീരപ്പമൊയ്‌ലി വനിതാസംവരണ ബിൽ അവതരിപ്പിച്ചതിനെത്തുടർന്ന് സഭയിലുണ്ടായ പ്രതിഷേധകോലാഹലങ്ങൾക്കിടെ ഈ അംഗങ്ങൾ മുദ്രവാക്യം മുഴക്കി ബില്ലിന്റെ പകർപ്പ് വലിച്ചുകീറി എറിയുകയും, സഭാധ്യക്ഷനും ഉപരാഷ്ട്രപതിയുമായ ഹമീദ് അൻസാരിയുടെ മേശപ്പുറത്തുനിന്ന് ബില്ലിന്റെ പകർപ്പ് കൈക്കലാക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. സഭാലേഖകരുടെ മേശപ്പുറത്തിരുന്ന സാധനങ്ങൾ വലിച്ചെറിഞ്ഞ അംഗങ്ങൾ മേശപ്പുറത്തു കയറിനിന്ന് ബഹളമുണ്ടാക്കി നാണംകെട്ട രംഗങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്തു.

ഔദ്യോഗിക നടപടികൾ തടസ്സപ്പെടുത്തി, സഭയുടെ അന്തസ്സിനെയും സഭാധ്യക്ഷന്റെ അധികാരത്തെയും മാനിക്കാതെ പെരുമാറിയ കുറ്റത്തിന് സഭാചട്ടം 256 അനുസരിച്ചാണ് നടപടി. പാർലമെന്ററികാര്യ സഹമന്ത്രി പൃഥ്വിരാജ് ചൗഹാൻ അവതരിപ്പിച്ച പുറത്താക്കൽ പ്രമേയം സഭ ശബ്ദവോട്ടോടെ പാസാക്കുകയായിരുന്നു. ഇതിനുശേഷവും രണ്ടുമണിക്കൂറോളം ഇവർ സഭ വിട്ടുപോകാതെ ബഹളമുണ്ടാക്കാൻ ശ്രമിച്ചു. സഭ പിരിഞ്ഞതിനു ശേഷം നടുത്തളത്തിൽ കുത്തിയിരുന്ന് മുദ്രാവാക്യം വിളിച്ച ഏഴുപേരും ഉച്ചകഴിഞ്ഞ് മൂന്നിന് സഭ വീണ്ടും സമ്മേളിച്ചപ്പോഴും പുറത്തുപോകാൻ കൂട്ടാക്കിയില്ല. അതിനിടെ, ഇവരിലൊരാൾ കുടിക്കാൻ വെള്ളം വച്ചിരുന്ന ഗ്ലാസ് തറയിലിട്ട് പൊട്ടിക്കുകയും ചെയ്തു. സസ്പെൻഷനിൽ ഉൾപ്പെടാത്ത ആർ.ജെ.ഡി അംഗം രാജ്നീതി പ്രസാദും ഇവരോടൊപ്പം ചേർന്നതോടെ സ്ഥിതി സങ്കീർണമായി. തുടർന്നും ബഹളത്തിനു ശ്രമിച്ചപ്പോഴാണ് മാർഷലുകൾ ഇടപെട്ട് അംഗങ്ങളെ 'തൂക്കിയെടുത്തത്.'